# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1969 — 15/7/2016 -ൽ മറുപടിക്ക്

# ജപ്പാൻ കുടിവെള്ള പദ്ധതികളിൽ എൻ.ജി.ഒ-കൾ പ്രവർത്തിക്കുന്നത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ജപ്പാൻ കുടിവെള്ള പദ്ധതികളിൽ എൻ.ജി.ഒ.-കൾ പ്രവർത്തിച്ചുവരുന്നത് സർക്കാരിന്റെ അറിവോടുകൂടിയാണോയെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്തെ ജപ്പാൻ കുടിവെള്ള പദ്ധതികളിൽ ഒരു കാര്യത്തിലും എൻ.ജി.ഒ മാരുടെ പ്രവർത്തനം ഇല്ല. |
| (ബി) പ്രസ്തുത പദ്ധതി മൂലം വെള്ളം ലഭിക്കുന്ന മേഖലകളേതെന്ന് വിശദമാക്കുമോ? | (ബി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ താഴെ പറയുന്ന അഞ്ച് ശുദ്ധജലവിതരണ പദ്ധതികൾ ഉൾപ്പെടുന്നു.<br>**1. തിരുവനന്തപുരം പദ്ധതി:**<br>തിരുവനന്തപുരം നഗരത്തിൽ പഴയ വിഴിഞ്ഞം, കഴക്കൂട്ടം പഞ്ചായത്ത് പ്രദേശങ്ങൾ ഒഴികെ മറ്റ് പ്രദേശങ്ങളിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും ശുദ്ധജലം ലഭിക്കുന്നു. പഴയ നേമം, തിരുവല്ലം എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ വിതരണ ശൃംഖല ജനറം പദ്ധതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ജലം ജപ്പാൻ പദ്ധതിയിൽ നിന്നുമാണ് ലഭ്യമാക്കുന്നത്.<br>**2. കൊല്ലം ജില്ലയിലെ മീനാട് പദ്ധതി:**<br>ഈ പദ്ധതിയിലൂടെ പരവൂർ മുനിസിപ്പാലിറ്റിയിലും കരവാളൂർ, ഇടമുളയ്ക്കൽ, ചാത്തന്നൂർ, പൂയപ്പള്ളി, നെടുമ്പന, ആദിച്ചനല്ലൂർ (ഭാഗം), ചിറക്കര, പൂതക്കുളം, മയ്യനാട്, മീനാട് എന്നീ പഞ്ചായത്തുകളിലും വെള്ളം ലഭിക്കുന്നു. |

JSK/

3. **ആലപ്പുഴ ജില്ലയിലെ ചേർത്തല പദ്ധതി:**

ഈ പദ്ധതിയിലൂടെ ചേർത്തല മുനിസിപ്പാലിറ്റിയിലും ചേർത്തല തെക്ക്, പള്ളിപ്പുറം, പാണാവള്ളി, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, പെരുമ്പളം, അരൂർ, എഴുപുന്ന, കുത്തിയതോട്, ഇറവൂർ, പട്ടണക്കാട്, കടകരപ്പള്ളി, കോടംതുരുത്ത്, തണ്ണീർമുക്കം, മുഹമ്മ, കഞ്ഞിക്കുഴി, മാരാരിക്കുളം (വടക്ക്) എന്നീ പഞ്ചായത്തുകളിലും വെള്ളം ലഭിക്കുന്നു.

4. **കോഴിക്കോട് പദ്ധതി:**

ഈ പദ്ധതിയിലൂടെ കോഴിക്കോട് കോർപ്പറേഷനിലും ബാലുശ്ശേരി, നന്മണ്ട, ബേപ്പൂർ എന്നീ പഞ്ചായത്തുകളിലും ഭാഗികമായി കുടിവെള്ളം ലഭിക്കുന്നു.

5. **കണ്ണൂർ ജില്ലയിലെ പട്ടുവം പദ്ധതി:**

ഈ പദ്ധതിയിലൂടെ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലും ഏഴോം, പാണപ്പുഴ, കടന്നപ്പള്ളി, ചപ്പാരപ്പടവ്, കുറുമാത്തൂർ, പന്നിയൂർ, പട്ടുവം, മാട്ടൂൽ, കല്ല്യാശ്ശേരി, പാപ്പിനിശ്ശേരി, ചെറുകുന്ന്, കണ്ണപുരം, പരിയാരം എന്നീ പഞ്ചായത്തുകളിലും വെള്ളം ലഭിക്കുന്നു.

സെക്ഷൻ ഓഫീസർ